Deivarajyam July 2014
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/7/2014
● Posted at Thodupuzha Stg.
Annual Subscription Rs. 75.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691




# ദൈവരാജ്യം

## കോതമംഗലം രൂപതാ ബുള്ളറ്റിൻ

വാല്യം 53
ജൂലൈ 2014
ലക്കം 1



# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIII No. 7 July 2014


Prot. No. 969/2014

## സഭാദിനം - ഇടയലേഖനം

**സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മത്തിരുനാളാണ് ജൂലൈ 3-ാം തിയതി നാം ആഘോഷിക്കുന്ന ദുക്റാന. സാർവ്വത്രിക സഭയിൽ എല്ലായിടത്തും ജൂലൈ 3-ാം തിയതി തന്നെയാണ് തോമ്മാശ്ലീഹായുടെ തിരുനാൾ ആഘോഷിക്കുന്നത്. തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളിലെ ക്രൈസ്തവസമൂഹങ്ങളുടെ പിൻതുടർച്ചക്കാർ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്നു. ഇവർ പ്രധാനമായും സീറോ മലബാർ, സീറോ മലങ്കര, മലങ്കര ഓർത്തഡോക്സ്, യാക്കോബായ ഓർത്തഡോക്സ്, മാർത്തോമ്മാ എന്നീ സഭകളിലാണുള്ളത്. ഈ സഭകളുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ഫലമായി ക്രൈസ്തവവിശ്വാസം സ്വീകരിച്ച് ഇവയുടെ വിശ്വാസപാരമ്പര്യം പുലർത്തുന്നവരെയും മാർത്തോമ്മാ ക്രിസ്ത്യാനികളായി കരുതേണ്ടിയിരിക്കുന്നു. മാർത്തോമ്മാ ക്രിസ്ത്യാ



നികളുടെയും, വി. ഫ്രാൻസീസ് സേവ്യർ മുതലുള്ള വിദേശിയരും തദ്ദേശീയരുമായ അനേകം മിഷനറിമാരുടെ സുവിശേഷവേലയുടെ ഫലമായി രൂപംകൊണ്ട ലത്തീൻ കത്തോലിക്കാവിശ്വാസികളുടെയും, പ്രൊട്ടസ്റ്റന്റ് സഭകളിലെ വിശ്വാസികളുടെയും സമുച്ചയമാണ് ഇന്ന് ഭാരതത്തിലെ ക്രൈസ്തവസമൂഹം. വിശ്വാസ പാരമ്പര്യങ്ങളുടെ വൈവിധ്യം ഭാരതത്തിലെ ക്രൈസ്തവസമൂഹത്തിന്റെ പ്രത്യേകതയാണ്. ഈ സഭാപരമായ വൈവിധ്യത്തിന്റെയും ഭാരതത്തിന്റെ തന്നെ മത, ഭാഷാ, ജാതി, സംസ്കാര വൈവിധ്യങ്ങളുടെയും നടുവിൽ വേണം നാമിന്നു ക്രിസ്തുവിനെ പ്രഘോഷിക്കുവാനും അവിടുത്തേയ്ക്കു സാക്ഷ്യം വഹിക്കുവാനും.

ഞാനാകുന്നു വഴിയും സത്യവും ജീവനുമെന്നു പഠിപ്പിക്കുകയും ആ വഴിയിലേക്കും സത്യത്തിലേക്കും ജീവനിലേക്കും മനുഷ്യവംശത്തെ ആനയിക്കുകയും ചെയ്തവനാണു ക്രിസ്തു. അവനിൽ വിശ്വസിച്ചവർ ക്രിസ്തു മാർഗ്ഗമെന്ന് അതിനെ വിശേഷിപ്പിച്ചു. തോമ്മാശ്ലീഹാ ഈ മാർഗ്ഗത്തെ ഇന്ത്യയിൽ എത്തിച്ചപ്പോൾ അതു സ്വീകരിച്ച നമ്മുടെ പൂർവ്വികർ അതിനെ തോമ്മാമാർഗ്ഗമെന്നും വിളിച്ചു. തോമ്മാമാർഗ്ഗം ഇന്നു വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളോടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാസമൂഹങ്ങളുടെ ജീവിതശൈലിയായി മാറിയിരിക്കുന്നു.

കുടുംബങ്ങളും കുടുംബങ്ങളുടെ കൂട്ടായ്മകളുമായിട്ടാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ വളർന്നു പന്തലിച്ചത്. ഈ സമൂഹത്തിൽനിന്നു പ്രസിദ്ധീകരിക്കപ്പെടുന്ന നിരവധി കുടുംബചരിത്രഗ്രന്ഥങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. തിരുസ്സഭ കുടുംബത്തെ ചിന്താവിഷയമായി തിരഞ്ഞെടുത്തിരിക്കുന്ന കാലമാണിത്. വി. ജോൺ പോൾ രണ്ടാമൻ, പാപ്പാ സ്ഥാനം ഏറ്റെടുത്തശേഷം ആദ്യം ചെയ്ത പ്രധാനപ്പെട്ട ജോലി കുടുംബത്തെക്കുറിച്ച് ഒരു സിനഡ് വിളിച്ചുകൂട്ടി എന്നതാണ്. പ്രസ്തുത സിനഡിന്റെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ***'കുടുംബം സ്നേഹസമൂഹം'*** എന്ന പേരിൽ പരി. പിതാവ് ഒരു അപ്പസ്തോലിക പ്രബോധനം പുറപ്പെടുവിച്ചു. അതിലെ മാർഗ്ഗദർശനങ്ങൾക്കനുസൃതം ഇന്ത്യയിലെ കുടുംബപ്രേഷിതത്വപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കി വരികയാണ്. ഇന്ത്യയിൽത്തന്നെ കേരളത്തിലെ സഭയിലാണ് കുടുംബപ്രേഷിതത്വം ഏറ്റവും സജീവം. പിന്നീട് ബനഡിക്ട് 16-ാമൻ മാർപാപ്പയുടെ കാലത്ത് നവസുവിശേഷവല്ക്കരണത്തിന്റെ ആഹ്വാനമുണ്ടായി. കുടുംബവും നവസുവിശേഷവൽക്കരണവും

സംയോജിപ്പിച്ചുകൊണ്ടാണ് ഫ്രാൻസീസ് പാപ്പാ അടുത്ത സിനഡുക ളുടെ വിഷയം പ്രഖ്യാപിച്ചിരിക്കുന്നത്. കൃത്യമായിപ്പറഞ്ഞാൽ 'നവ സുവിശേഷവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികൾ'എന്നതാണ് വിഷയം. 2014 ഒക്ടോബറിലും 2015 ഒക്ടോ ബറിലും നടക്കുന്ന രണ്ടു സിനഡുകളിലുമായി ചർച്ചകളും പുനർവിചി ന്തനങ്ങളും നടത്തി അവയിൽനിന്നുരുത്തിരിയുന്ന നിഗമനങ്ങളായി രിക്കും കുടുംബനവീകരണത്തിനായി പരി. പിതാവ് മുന്നോട്ടുവയ്ക്കു ന്നത്. ഈ സിനഡുകളുടെ വിജയത്തിനായി നാം പ്രാർത്ഥിക്കണം. മാത്രമല്ല, നമ്മുടെ രൂപതകളിലും പ്രവാസിസമൂഹങ്ങളിലും സഭയിലൊ ന്നാകെയും കുടുംബജീവിതത്തെ പുരസ്കരിച്ച് പ്രത്യേക പഠനങ്ങളും നവീകരണ പരിപാടികളും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ഈ യജ്ഞ ത്തിൽ കുടുംബപ്രേഷിതത്വത്തിന്റെയും വിശ്വാസപരിശീലനത്തിന്റെയും ശുശ്രൂഷകർ സംയുക്തമായി പ്രവർത്തിച്ചാൽ നന്നായിരിക്കും. ഒരു രൂപതയിലെ എല്ലാ പ്രവർത്തനമേഖലകളും ഒന്നിച്ചാലോചിച്ച് പരസ്പ രസഹകരണത്തോടെ കുടുംബനവീകരണത്തിൽ ഏർപ്പെട്ടാൽ കൂടു തൽ ഫലപ്രദമായിരിക്കും. അടുത്തയിടെ മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച അല്മായസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഡയ റക്ടർമാരുടെ സമ്മേളനത്തിൽ ഏകോപിച്ചുള്ള പ്രവർത്തനങ്ങളുടെ ആവശ്യം വ്യക്തമാക്കുകയുണ്ടായി. സീറോമലബാർ സഭയിലെ അല്മായസമൂഹത്തെ മുഴുവൻ ഉൾക്കൊള്ളിക്കുവാനുള്ള ഉദ്ദേ ശ്യത്താൽ രൂപീകൃതമായ അല്മായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നത് ഇതി നു സഹായകമാകും. *'അല്മായർക്കും കുടുംബത്തിനും വേണ്ടിയുള്ള കമ്മീഷ*ന്റെ'ആഭിമുഖ്യത്തിൽ നമ്മുടെ സിനഡിന്റെ അംഗികാരത്തോടെ അല്മായർക്കായി ഭാവിപ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യു ന്നതാണ്.

വിശ്വാസപരിശീലനം നമ്മുടെ സഭയിൽ വളരെയേറെ ശ്രദ്ധിക്കപ്പെ ടുന്നുണ്ട്. വിശ്വാസ പരിശീലനത്തിന്റെ ഫലദായകത്വത്തെ ആശ്രയി ച്ചിരിക്കും ക്രൈസ്തവസാക്ഷ്യത്തിന്റെ വിജയം. വിശ്വാസപരിശീലന വും, അൾത്താരസംഘം, മിഷൻലീഗ്, സി.എൽ.സി മുതലായവയുടെ കർമ്മപരിപാടികളും വഴിയാണ് നമ്മുടെ സഭയിൽ ദൈവവിളി പരിപോ ഷിപ്പിക്കപ്പെട്ടുപോരുന്നത്. ഈ രംഗങ്ങളിലെല്ലാം തീക്ഷ്ണതയോടെ പ്രവർത്തനനിരതരായിരിക്കുന്ന ബഹു. വൈദികർക്കും, സമർപ്പിത



സഹോദരീസഹോദരന്മാർക്കും, വിശ്വാസപരിശീലകർക്കും, അല്മായ പ്രേഷിതർക്കും എന്റെ നന്ദി നിറഞ്ഞ അഭിവാദനങ്ങൾ!

സഭയുടെ സുവിശേഷസാക്ഷ്യത്തിനു കടകവിരുദ്ധവും ഇന്നു സമൂഹത്തിൽ നിർബാധം വ്യാപിച്ചുകൊണ്ടിരിക്കുന്നതുമായ മദ്യപാനം, കൊലപാതകം, ലഹരിവസ്തുവ്യാപാരം, ആസൂത്രിതമായ അക്രമങ്ങൾ, അന്യായ പലിശ വഴിയുള്ള സാധുജനചൂഷണം, കരാർ ലംഘനങ്ങൾ, ആഡംബരച്ചെലവുകൾ മുതലായ തിന്മകളിൽ നിന്ന് സഭാമക്കൾ പൂർണ്ണ മായും അകന്നു നിൽക്കേണ്ടതാണ്. വളരുന്ന തലമുറയിൽ വ്യാപിച്ചുവ രുന്ന ഇന്റർനെറ്റ് അഡിക്ഷൻ എപ്രകാരം ക്രിയാത്മകമായി നിയന്ത്രി ക്കാമെന്ന് മാതാപിതാക്കൾ, അധ്യാപകർ, വൈദികർ എന്നിവർ ശ്രദ്ധാ പൂർവ്വം മനസ്സിലാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സൈബർ ലോക ത്തിന്റെ സാധ്യതകളെക്കുറിച്ചും അതിൽ ഒളിഞ്ഞിരിക്കുന്ന അപകട ങ്ങളിൽപ്പെടാതെ കുട്ടികളെയും യുവാക്കളെയും സംരക്ഷിക്കുന്നതി നുള്ള മാർഗ്ഗങ്ങളെക്കുറിച്ചും സെമിനാറുകളും സ്റ്റഡിക്ലാസ്സുകളും നട ത്താൻ വിശ്വാസപരിശീലനത്തിന്റെയും കുടുംബപ്രേഷിതത്വത്തിന്റെയും ശുശ്രൂഷകർ ഒന്നിച്ചു സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടി കളിൽ കണ്ടുവരുന്ന അതിസാഹസികതാപ്രവണതകൾ വാഹനാപകട ങ്ങൾക്കും ഉല്ലാസയാത്രാവേളകളിലെ മുങ്ങിമരണങ്ങൾക്കും കാരണ മാകുന്നുണ്ട്. കൂടുതൽ ജാഗ്രത ഉത്തരവാദിത്വപ്പെട്ടവരിൽനിന്ന് ഉണ്ടാ കേണ്ടിയിരിക്കുന്നു.

നാല്പതുലക്ഷത്തോളംവരുന്ന സീറോമലബാർ സഭാമക്കളിൽ ഏഴുലക്ഷംപേർ ഇന്ത്യയിലെ 29 രൂപതകൾക്കും അമേരിക്കയിലും ആസ്ത്രേലിയായിലുമായുള്ള രണ്ടു രൂപതകൾക്കും പുറത്ത് പ്രവാ സികളായി കഴിയുന്നവരാണ്. ഇവർക്ക് നമ്മുടെ സഭയുടേതായ അജ പാലന സംവിധാനങ്ങൾ ഫലപ്രദമായ രീതിയിൽ ഉണ്ടാകേണ്ടിയിരി ക്കുന്നു. ഈ ലക്ഷ്യം സാധിക്കുന്നതിനും സഭാമക്കളേവരും പ്രാർത്ഥി ക്കേണ്ടതാണ്.

ഭാരതത്തിൽ പുത്തൻ പ്രതീക്ഷകൾ ഉണർത്തി പുതിയൊരു കേന്ദ്രസർക്കാർ ഭരണമേറ്റിരിക്കുകയാണല്ലോ. കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും മാറിമാറി വരുന്ന സർക്കാരുകളോടു സഹ കരിച്ചു പ്രവർത്തിക്കാൻ സഭാമക്കളേവരും തയ്യാറാകേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ വികസനപദ്ധതികൾ ദരിദ്രർക്കും സാധാരണക്കാർക്കും

കൂടി ഉപകരിക്കുന്നതാകണം. തൊഴിലാളികൾക്കും, കർഷകർക്കും, വ്യാപാരികൾക്കും, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മറ്റേ തുതുറകളിൽ വ്യാപരിക്കുന്നവർക്കും വികസനം സാധ്യമാക്കാൻ പുതിയ സർക്കാർ ശ്രദ്ധചെലുത്തുമെന്നു പ്രതീക്ഷിക്കാം. പരിസ്ഥിതിസംരക്ഷണത്തോടൊപ്പം മലയോരകർഷകരുടേയും തീരദേശനിവാസികളുടേയും ആശങ്കകൾ പരിഹരിക്കുന്നതിലും സർക്കാരിന്റെ സത്വരശ്രദ്ധ പതിയേണ്ടതുണ്ട്. അതോടൊപ്പം മതേതരത്വം, ജനാധിപത്യം, സർവ്വസമത്വം, ന്യൂനപക്ഷ സംരക്ഷണം എന്നീ മൗലികമൂല്യങ്ങളും സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ മൂല്യങ്ങളെല്ലാം സംരക്ഷിക്കപ്പെടേണ്ടത് ജാതി, മത, ഭാഷാ വൈവിധ്യങ്ങൾ നിറഞ്ഞ ഭാരതത്തിലെ ജനതയുടെ ഐക്യത്തിനും നിലനില്പിനും പുരോഗതിക്കും അത്യന്താപേക്ഷിതമാണ്.

ദുക്റാനത്തിരുനാൾ സീറോമലബാർ സഭാദിനമായി ആഘോഷിക്കണമെന്ന് നമ്മുടെ സഭയുടെ സിനഡ് തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസ സമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന സഭാദിനാചരണം സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവകകളിലും പ്രവാസിസമൂഹങ്ങളിലും സഭാദിനാഘോഷം കൊണ്ടാടണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാവനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

സഭാദിനം ആചരിക്കുമ്പോൾ നമ്മുടെ സഭയ്ക്ക് ഈ അടുത്ത നാളുകളിൽ ദൈവം നല്കിയിരിക്കുന്ന പ്രത്യേക അനുഗ്രഹങ്ങളെ അനുസ്മരിക്കുക തികച്ചും ഉചിതമായിരിക്കും. നമ്മുടെ സഭയിലെ വാഴ്ത്തപ്പെട്ടവരായ ചാവറയച്ചന്റെയും എവുപ്രാസ്യാമ്മയുടെയും വിശുദ്ധപദ പ്രഖ്യാപനത്തിനുള്ള നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായി. ആസ്ത്രേലിയായിലെ മെൽബൺ കേന്ദ്രമായി നമുക്കു പുതിയ രൂപത ലഭിച്ചു. ഇന്ത്യയിലെ സീറോമലബാർ പ്രവാസികളുടെ അജപാലനപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നതിനായി അപ്പസ്തോലിക് വിസിറ്ററെ ലഭിച്ചു. ദൈവം നമുക്കുനല്കിയ ഈ അനുഗ്രഹങ്ങളെയെല്ലാം ഓർത്തു ദൈവത്തിനു നന്ദിപറയാം. ഈ ഇടയലേഖനം ശ്രവിക്കുന്നവർക്കും സഭാമക്കൾ ഏവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,



ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
**സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്**
കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2014-ാം ആണ്ട് ജൂൺ മാസം 4 -ാം തിയതി നൽകപ്പെട്ടത്.

## രൂപതക്കച്ചേരി

### *C.45 /2014* **സഭാദിന പിരിവ്**

സീറോ മലബാർ സഭയുടെ കേന്ദ്രകാര്യാലയത്തിന്റെ ആവശ്യങ്ങൾക്കായി സഭാംഗങ്ങൾ വർഷംതോറും നൽകിവരുന്ന സഭാദിന പിരിവ് ആളോഹരി 2 രൂപ പ്രകാരം രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

*Bishop*

### *C.46 /2014* **വി. കുർബാന നൽകുന്നതിനുള്ള അനുവാദം**

വൈദികരെ കൂടാതെ, കാറോയപട്ടമെങ്കിലും സ്വീകരിച്ച സെമിനാരിക്കാർ, ഇടവകകളിലും സ്ഥാപനങ്ങളിലും രൂപതാദ്ധ്യക്ഷനാൽ പ്രത്യേകം നിയോഗിക്കപ്പെട്ട ബഹു. സിസ്റ്റേഴ്സ് എന്നിവരൊഴികെ മറ്റാർക്കും വി. കുർബാന നൽകുന്നതിന് അനുവാദമില്ല എന്ന കാര്യം പ്രത്യേകം അറിയിക്കുന്നു. ആരാധനയ്ക്കായി സക്രാരി തുറക്കുന്നതിനും അടയ്ക്കുന്നതിനും ഉള്ള അനുവാദം വി. കുർബാന നൽകുന്നതിനുള്ള അനുവാദമായി പരിഗണിക്കരുത്.

*Bishop*

### *C.47 /2014* **വൈദികരുടെ വാർഷികധ്യാനം**

ജൂൺ മാസം ദൈവരാജ്യത്തിൽ വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നല്ലോ. ഒരു ബാച്ചിലും പേര് തരാത്തവർ NESTT-ൽ നടക്കുന്ന ധ്യാനത്തിൽ (സെ

പ്തംബർ 14-19) പങ്കെടുക്കുന്നുണ്ടെങ്കിൽ അക്കാര്യം രൂപതാകച്ചേരിയിൽ അറിയിക്കേണ്ടതാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സെഹിയോൻ ധ്യാനകേന്ദ്രത്തിലുള്ള ധ്യാനത്തിൽ പങ്കുചേരുന്നവരുടെ പേരുകൾ താഴെ ചേർക്കുന്നു. ധ്യാനം തുടങ്ങുന്ന ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കോതമംഗലം ബിഷപ്സ് ഹൗസിൽ നിന്ന് വാഹനം പുറപ്പെടുന്നതും ധ്യാനം അവസാനിക്കുന്ന വ്യാഴാഴ്ച വൈകിട്ട് 11.30 -ന് അട്ടപ്പാടിയിൽ നിന്ന് തിരികെ വരുന്നതുമാണ്.

*Bishop*

## SECOND BATCH

### Venue: SEHION

### 6 July Sunday to 11 July Friday

| | |
|---|---|
| 1 | Anikottil John |
| 2 | Arackal James |
| 3 | Athickal Mathew |
| 4 | Chamakalayil Mathew |
| 5 | Chatholil John |
| 6 | Kandathinkara Joseph |
| 7 | Kannathukuzhy Joseph |
| 8 | Kapiarumala Thomas |
| 9 | Karikunnel Francis |
| 10 | Kariamadam George |
| 11 | Kochumundanmalayil Mathew |
| 12 | Kochumuttam John |
| 13 | Kochuparambil Joseph (Jr) |
| 14 | Kochuparambil Joseph (Sr) |
| 15 | Koonanickal Jose |
| 16 | Kunnappilly Augustine |
| 17 | Mackolil Joseph |
| 18 | Malieckal Mathews |
| 19 | Monipilly Jose |
| 20 | Madathiparambil Francis |
| 21 | Neerampuzha Jose |
| 22 | Nirappath George |
| 23 | Niravath Joseph |
| 24 | Oroplackal Johnson |
| 25 | Ovelil Antony |
| 26 | Padijarekuttu Augustine |
| 27 | Padinjattuvayalil John |
| 28 | Peringarapillil Sotter |
| 29 | Pichalakattu Manuel |
| 30 | Pichappillil John |
| 31 | Poovathumkal Thomas |
| 32 | Pulloppillil Jose |
| 33 | Pulprayil Stanly |
| 34 | Thekkekara Mathew (Sr) |
| 35 | Thozhalay Mathew |
| 36 | Vallomkunnel George |
| 37 | Vararappillil James |
| 38 | Veliyathazhathu Sebastian |
| 39 | Vellaramkattil Xavier |

## THIRD BATCH

### Venue: SEHION

### 3 August Sunday to 8 August Friday

| | |
|---|---|
| 1 | Adapoor Joseph |
| 2 | Aikaramattam James |
| 3 | Arackal Jose |
| 4 | Chettoor George |
| 5 | Kadambanat Sebastian |
| 6 | Kanimattathil Sebastain |
| 7 | Kodakallil Kuriakose |
| 8 | Pulickal Joseph |



| | |
|---|---|
| 9 | Karakunnel George |
| 10 | Namattathil Sebastain |
| 11 | Kodiammanal John |
| 12 | Mundolickal James |
| 13 | Muringamattam John |
| 14 | Njaloor Joseph |
| 15 | Nellikunnel Joseph |
| 16 | Njaloor Cyriac |
| 17 | Pittappillil Francis |
| 18 | Pulparambil Jose |
| 19 | Punnamattathil Scaria |
| 20 | Thadikattu George |
| 21 | Thekkumkattil Mathew |
| 20 | Nedumpurathu Paul |
| 21 | Mattappillil John |

*C.48 /2014* **Monthly Recollection for Priests**

***Topic for discussion in July***

Read in common Nos 396-412 of the Catechism of the Catholic Church.

*Syncellus*

*C.49 /2014* **രൂപതാ ഡയറക്ടറി**

2014-2015 വർഷത്തെ രൂപതാ ഡയറക്ടറി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ വരുത്തേണ്ട തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ജൂലൈ മാസം 31-ാം തീയതിക്ക് മുമ്പായി രൂപതക്കച്ചേരിയിൽ അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

*Chancellor*

*PC.4/2014* **പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്**

നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി തീരുന്നതിനാൽ പുതിയ പാസ്റ്ററൽ കൗൺസിലിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. അതിനാൽ പാസ്റ്ററൽ കൗൺസിലിന്റെ നിയമാവലി IV/5/L അനുസരിച്ച് ഓരോ ഫൊറോനയിൽ നിന്നും രണ്ട് അല്മായ പ്രതിനിധികളെയാണ് തിരഞ്ഞെടുക്കേണ്ടത്. പത്തു ഇടവകകളിൽ കൂടുതലുള്ള ഫൊറോനകളിൽ നിന്നും മൂന്നാമതൊരു പ്രതിനിധിയെക്കൂടി തിരഞ്ഞെടുക്കാവുന്നതാണ്. (ഓരോ ഇടവകയിൽ നിന്നും രണ്ടുപേരെ വീതം തിരഞ്ഞെടുക്കുകയും ഇവർ ഫൊറോനകളിൽ സമ്മേളിച്ച് രണ്ട് പ്രതിനിധികളെ തിരഞ്ഞെടുക്കുകയും ചെയ്യണം. 500 വീടുകളിൽ കൂടുതലുള്ള ഇടവകകളിൽ നിന്നും മൂന്നാമതൊരു പ്രതിനിധിയെകൂടി തിരഞ്ഞെടുക്കാവുന്നതാണ്.) ഇപ്രകാരം ഫൊറോനാപ്രതിനിധികളുടെ തിരഞ്ഞെടുപ്പ് പെ. ബ. ഫൊറോന വികാരിമാരുടെ ഉത്തരവാദിത്വത്തിൽ നടത്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര്, വീട്ടുപേര്, ഇടവക, പൂർണ്ണ മേൽവിലാസം, ഫോൺനമ്പർ

എന്നിവ ആഗസ്റ്റ് 31-ാം തീയതിക്കകം രൂപതാ ചാൻസലറെ അറിയിക്കേണ്ടതാണ്. ഫൊറോനാ പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് നടത്തുവാനുള്ള സമ്മേളനത്തിന്റെ സമയവും ദിവസവും മറ്റും അതാതു ഫൊറോനാവികാരിമാർ തങ്ങളുടെ ഫൊറോനയിലുള്ള പള്ളികളിലെ വികാരിമാരെ ഉചിതമായ സമയത്ത് അറിയിക്കേണ്ടതാണ്. ഫൊറോന തെരഞ്ഞെടുപ്പിനുവേണ്ടി ഇടവകകളിൽ നിന്നുള്ള പ്രതിനിധികളുടെ പേരുവിവരങ്ങൾ ജൂലൈ 31-ാം തീയതിക്കകം ഫൊറോന വികാരിയെ അറിയിക്കേണ്ടതാണ്. സഭാകാര്യങ്ങളിൽ തല്പരരും മാതൃകാപരമായ ക്രൈസ്തവജീവിതം നയിക്കുന്നവരും നേതൃത്വഗുണമുള്ളവരും ആയവരെ തിരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. തിരഞ്ഞെടുപ്പുയോഗത്തിന്റെ ആരംഭത്തിൽ പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും മറ്റും രൂപതാനിയമസംഗ്രഹത്തിൽ നിന്നും വായിച്ച് വിശദീകരിക്കുന്നത് ഉചിതമായിരിക്കും.

*Bishop*

### *PC.5/2014* പാസ്റ്ററൽ കൗൺസിൽ- നാമനിർദ്ദേശം

പാസ്റ്ററൽ കൗൺസിലിലേക്ക് ഏതാനും പേരെ രൂപതാദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന പതിവുണ്ടല്ലോ. അതുകൊണ്ട്, നാമനിർദേശം ചെയ്യപ്പെടാൻ യോഗ്യതയുള്ള അല്മായരുടെ (സ്ത്രീകളുടെയും പുരുഷന്മാരുടെയും) പേരുകൾ ബ. വികാരിയച്ചന്മാർ നൽകുകയായിരുന്നെങ്കിൽ സഹായകമായിരുന്നു. പേരുവിവരം ആഗസ്റ്റ് മാസം 15-നു മുമ്പായി രൂപതാ ചാൻസലറെ അറിയിക്കുമല്ലോ.

*Protosyncellus*

## മൈനർ സെമിനാരി

### *MS 16 /2014* ചാപ്പൽ വെഞ്ചരിപ്പ്

മൈനർ സെമിനാരിയിലെ നവീകരിച്ച ചാപ്പൽ ജൂൺ 3-ാം തീയതി രാവിലെ അഭിവന്ദ്യ പിതാവ് വെഞ്ചരിക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.



### *MS 17 /2014* അദ്ധ്യയനവർഷ ഉദ്ഘാടനം

2014 ജൂൺ 10-ാം തീയതി മൈനർ സെമിനാരിയിലെ അദ്ധ്യയനവർഷം അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. രാവിലെ 11 മണിക്ക് ആരംഭിച്ച സമ്മേളനത്തിൽ റെക്ടർ റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ സ്വാഗതമാശംസിച്ചു. റവ. ഫാ. ജോസഫ് മക്കോളിൽ, ബ്ര. ആന്റണി മരുത്വാമലയിൽ, ബ്ര. സെബാസ്റ്റ്യൻ വെള്ളാപ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു. ബ്ര. ജെയിംസ് വാന്തിയിൽ ശാസ്ത്രീയസംഗീതവും ബ്ര. മാത്യു മറ്റപ്പിള്ളി ലളിതഗാനവും ആലപിച്ചു. ഫാ. ജെയിംസ് കളപ്പുര ഏവർക്കും നന്ദി പറഞ്ഞു.

### *MS 18/2014* നവാഗതർക്ക് സ്വാഗതം!

ഈ അദ്ധ്യയനവർഷത്തിൽ മൈനർ സെമിനാരിയിൽ പ്രവേശനം ലഭിച്ച കുഞ്ഞനുജന്മാർക്ക് ഹൃദ്യമായ സ്വാഗതം.

1. Aipparayil Varkey (Jomet), Mullaringadu
2. Edattu John (Dias), Muthalakodam
3. Illthuparambil Abraham (Ebin), Payyavoor
4. Kaithavelil George (Donet), Cheppukulam
5. Kalarickal Joseph (Alex), Arakuzha
6. Malayilthekkedath John (Dijohn), Marika
7. Mandapathil Paul (Paul), Kuruppumpady
8. Mankuzha Jose (Jose), Kuruppumpady
9. Mavara Antony (Akhil), Anicadu
10. Mundankel James (Jameskutty), Pannimattom
11. Mullasseril Antony (Abin), Paingottoor
12. Mullasseril Joseph (Anugrah), Vazhakulam
13. Nedungattu George (George), Kavakkadu
14. Palackamattathil George (Georgei), Thommankuthu
15. Plaparambil Joseph (Ajil), Kothamangalam
16. Poonattu Joseph (Albin), Cheenikuzhy
17. Pooppillikudiyil Joseph (Alen), Anicadu
18. Pulickakandathil Joseph (Albin), Kaliyar
19. Puthenparambil Francis (Greenal), Eloor
20. Thekkekuttu Joseph (Joyal), Rajagiri
21. Vettuparackal Thomas (Jens), Kallookad

### *MS 19 /2014* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | Rev. Fr. Mathew Ezhanikatt | ₹ | 5000 |
| 2 | Joy Varghese Madeckal, Muvattupuzha | ₹ | 12000 |

| | | | |
|---|---|---|---|
| 3 | Mathrudeepthy, Pothanicad | ₹ | 3000 |
| 4 | St. Sebastian's Church, Kottappady | ₹ | 25000 |
| 5 | Antony George Oliapuram, Cathedral | ₹ | 10000 |
| 6 | Punnoose Parakunnel, Vannapuram | ₹ | 5000 |
| 7 | N.F. Ulahannam Nagasseril, Purapuzha | ₹ | 50000 |
| 8 | P.J. Joseph Puthiaparambil, Nirmala Matha, Muvattupuzha | ₹ | 5000 |
| 9 | Brigit George Illiparambil, Thrikkariyoor | ₹ | 30000 |

*Rector*

VIJNANABHAVAN
Kothamangalam

# വിജ്ഞാനഭവൻ

*V.58/2014* **സഹകരണത്തിന് നന്ദി**

HM & Staff Secretary മാരുടെ മീറ്റിംഗിൽ വന്നവർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. മെയ് 15 മുതൽ ആരംഭിച്ച പുസ്തകവിതരണത്തിന് ഇടവകകളിൽ നിന്നും സ്കൂളുകളിൽ നിന്നും ലഭിച്ച സഹകരണത്തിന് നന്ദി.

*V.59/2014* **വിശ്വാസപരിശീലകരുടെ രൂപതാകൺവെൻഷൻ ജൂലൈ -12 ശനി**

രൂപതയിലെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ **ജൂലൈ 12 ശനി വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് നടക്കുന്നു. രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ബഹു. വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും ഹെഡ്മാസ്റ്റർമാരെയും വിശ്വാസപരിശീലകരെയും രൂപതാ കൺവെൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു.

**മികച്ച സൺഡേ സ്കൂളുകൾക്കുള്ള സമ്മാനങ്ങളും അദ്ധ്യാപക ക്വിസിനുള്ള സമ്മാനങ്ങളും തദവസരത്തിൽ വിതരണം ചെയ്യുന്നതാണ്.**



*V. 60/2014* **പാഠ്യപദ്ധതി 2014-2015 തിരുത്തലുകൾ**

ഈവർഷത്തെ പാഠ്യപദ്ധതിയിലുള്ള ഏതാനും ചില തിരുത്തലുകൾ ചുവടെ ചേർക്കുന്നു.

2014 നവംബർ 23 ഞായർ - വിശ്വാസവർഷ സമാപനം എന്ന് തെറ്റായി ചേർത്തിരിക്കുന്നു.

ഇടവകതല അദ്ധ്യാപക ക്വിസ് 2014 ഡിസംബർ 7-ാം തീയതി ഞായറാഴ്ചയായിരിക്കും (നവംബർ 16 -ാം തീയതി അല്ല).

2015 ഫെബ്രുവരി 13 വെള്ളി - സകല മരിച്ചവരുടെയും ഓർമ്മ
15 ഞായർ - നോമ്പ് ഒന്നാം ഞായർ
16 തിങ്കൾ - വിഭൂതി, നോമ്പാരംഭം എന്നും
തിരുത്തി വായിക്കുക.

*V. 61/2014* **ലോഗോസ് ക്വിസ് രജിസ്ട്രേഷൻ**

ലോഗോസ് ക്വിസ് പരീക്ഷ എഴുതുവാൻ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തവരുടെ പേരുകളുടെ ലിസ്റ്റും രജിസ്ട്രേഷൻ തുകയും വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി ജൂലൈ 31. അതിനുശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

*V. 62/2014* **SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷൻ**

SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷന്റെ ഫോം എന്നിവ തരുന്നതിനുള്ള അവസാന തീയതി ജൂലൈ 31 ആണ്. പ്രൈവറ്റ് രജിസ്ട്രേഷൻകാരുടെ പേരുകൾ A, B Form -ൽ ചേർക്കേണ്ടതാണ്. റിമാർക്സ് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. **ചോദ്യപേപ്പറിന്റെ എണ്ണത്തിന്റെ കൂടെ ഇവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അക്കാര്യം പ്രത്യേകം അറിയിക്കണം.**

*V. 63/2014* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

മുൻവർഷത്തേതുപോലെ ഈ വർഷവും കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 10 രൂപയാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ജൂലൈ 31-ാം തീയതിക്ക് മുമ്പ് ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം അറിയിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 64/2014* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പൂരിപ്പിച്ച് തരാത്തവർ അവ എത്രയും പെട്ടെന്ന് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സ്റ്റേറ്റ്മെന്റിൽ ഫോൺ, മൊബൈൽ നമ്പർ എന്നിവ ചേർക്കുന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കുവാൻ ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

*V. 65/2014* **വിജ്ഞാനഭവൻ ബുക്ക്സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## Corporate Educational Agency

*Edn. 39 /2014*

ഈ വർഷം രൂപതാ ഓഫീസിലേക്ക് അയച്ചുതരേണ്ട ഫോറങ്ങൾ യഥാസമയം വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഓഫീസിലേക്ക് അയച്ചുതരണമെന്ന് ഓർമ്മിപ്പിക്കുന്നു. Order form (Catechism/ Moral Science) ഇനിയും അയച്ചു തന്നിട്ടില്ലാത്തവർ എത്രയും വേഗം അയച്ചുതരണം. Corporate -ന്റെ പുതിയ e-mail ID "kothamangalamcorporate@gmail.com" ആയിരിക്കും. ഓരോന്നിന്റെയും സമയപരിധി എല്ലാ പ്രധാനഅദ്ധ്യാപകരുടെയും പ്രത്യേക ശ്രദ്ധയ്ക്കു വേണ്ടി അറിയിക്കുന്നു.

| | | |
|---|---|---|
| 1 | Staff Statement as on (1.4.2014) | 30.04.2014 |
| 2 | Proposal 6th working day strength | 15.06.2014 |
| 3 | Order form - Catechism/Moral Science | 20.06.2014 |
| 4 | M G applications | 30.08.2014 |
| 5 | Fitness applications | 15.01.2015 |
| 6 | Annual school report | 15.01.2015 |
| 7 | Best school award etc. | 31.01.2015 |



*Edn. 40 /2014* **പ്രൊബേഷൻ**

പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള അദ്ധ്യാപകരും/അനദ്ധ്യാപകരും രൂപതാവിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിക്കുന്ന ഫോറം മേലധികാരിയെക്കൊണ്ട് (മാനേജർ/പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ) പൂരിപ്പിച്ച് യഥാസമയം രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ വരേണ്ടത് മുൻകൂട്ടി അറിയിച്ചിട്ടായിരിക്കണം.

*Edn. 41/2014* **പ്ലസ്ടു അദ്ധ്യാപക-അനദ്ധ്യാപക സെമിനാർ**

സ്ഥലം - NESTT മൂവാറ്റുപുഴ
സമയം - 9.30 am to 4.00 pm
തീയതി - 2014 ജൂലൈ 10

**NB.** ജൂൺ 20-ാം തീയതി തൊടുപുഴയിൽ നടന്ന സെമിനാറിൽ വരാതിരുന്ന ഹൈസ്കൂളിലെ സ്റ്റാഫ് അംഗങ്ങൾ നിർബന്ധമായും ഈ സെമിനാറിൽ പങ്കെടുക്കണം. വരുന്നവരുടെ പേരുകൾ ഹെഡ്മാസ്റ്റർമാർ കോതമംഗലം വിദ്യാഭ്യാസ ഓഫീസിൽ അറിയിക്കുക.

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML 31 /2014* **രൂപതാകൗൺസിൽ**

ജൂലൈ 12-ാം തീയതി ശനിയാഴ്ച രാവിലെ 9.30 -ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഈ വർഷത്തെ രൂപതാകൗൺസിൽ നടത്തുന്നതായിരിക്കും. എല്ലാ ശാഖകളിലെയും ഭാരവാഹികളെയും മോഡറേറ്റർ സിസ്റ്റേഴ്സിനെയും ഈ കൗൺസിലിലേക്ക് പറഞ്ഞുവിടുമല്ലോ. മേഖലാ, ശാഖാ ഡയറക്ടറച്ചന്മാരും കൗൺസിലിൽ സംബന്ധിച്ച് കുട്ടികളെ പ്രോത്സാഹിപ്പിക്കുമല്ലോ. കൗൺസിലിൽ വച്ച് രൂപതയിലെ മികച്ച ശാഖകൾക്കും മേഖലകൾക്കും കൈയെഴുത്ത് മാസികയ്ക്കും സമ്മാ

നങ്ങൾ നല്കുന്നതായിരിക്കും. അതോടൊപ്പം തന്നെ ഈ വർഷത്തെ രൂപതാപ്രവർത്തനമാർഗരേഖയും പ്രകാശനം ചെയ്യുന്നതായിരിക്കും.

*CML 32 /2014* **രൂപതാമാനേജിംഗ് കമ്മിറ്റി**

ജൂലൈ 11-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.00 മണിക്ക് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഈ വർഷത്തെ രൂപതാമാനേജിംഗ് കമ്മിറ്റി നടത്തുന്നതായിരിക്കും. എല്ലാ മേഖലകളിലെയും ബഹു. ഡയറക്ടറ ച്ചന്മാരും അസിസ്റ്റന്റ് ഡയറക്ടർമാരും മോഡറേറ്റർ സിസ്റ്റേഴ്സും മേഖലാഭാരവാഹികളും ഈ കമ്മിറ്റിയിൽ പങ്കെടുക്കുമല്ലോ.

*CML 33 /2014* **സമ്മാനക്കൂപ്പൺ**

ഈ വർഷത്തെ സമ്മാനക്കൂപ്പണിന്റെ വിതരണം ജൂലൈ 12-ാം തീയതി രൂപതാകൗൺസിലിൽ വച്ച് നടത്തുന്നതാണ്. അന്നേദിവസം ശാഖാ ആനിമേറ്റേഴ്സ് കൂപ്പണും അതിന്റെ സമ്മാനങ്ങളും കൊണ്ടു പോകുന്നതിനായി ശ്രദ്ധിക്കുമല്ലോ.

*Director*

## കെ.സി.എസ്.എൽ.

*KCSL 12/2014* **പഠനവിഷയം**

ഈ പ്രവർത്തനവർഷം കെ.സി.എസ്.എൽ. പഠനക്കളരിക്ക് എടു ത്തിരിക്കുന്ന പുസ്തകം 'സേവനനിരതയായ സഭ' എന്നതാണ്. സഖ്യ ത്തിന്റെ മുദ്രാവാക്യത്തിലെ 'സേവനം' എന്ന ഘടകത്തെയാണ് ഇതു വഴി പഠനവിഷയമാക്കുന്നത്.

വിശുദ്ധരുടെ ജീവചരിത്രം പഠിക്കുന്നതിന്റെ ഭാഗമായി ഈ വർഷം തയ്യാറാക്കിയിരിക്കുന്നത് "വി. ജോൺ ബ്രിട്ടോയുടെ ജീവച രിത്ര"മാണ്. ഈ പുസ്തകങ്ങൾ കെ.സി.എസ്.എൽ. ഓഫീസിൽ ലഭ്യ മാണ്. ഓരോ യൂണിറ്റിലേയ്ക്കും കഴിയുന്നത്ര പുസ്തകങ്ങൾ വാങ്ങി ക്കുവാൻ ശ്രദ്ധിക്കുമല്ലോ.



*KCSL 13/2014* **സ്കൂൾതല പ്രവർത്തനവർഷ ഉദ്ഘാടനം**

ഈ വർഷത്തെ കെ.സി.എസ്.എൽ. സ്കൂൾതലപ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 6-ാം തീയതി തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് സംസ്ഥാന ഡയറക്ടർ റവ. ഫാ. യേശുദാസ് പഴമ്പിള്ളി നിർവഹിച്ചു. തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ എന്നീ സ്കൂളുകളിലെ കുട്ടികൾ പങ്കെടുത്തു.

*KCSL 14/2014* **രൂപതാകൗൺസിൽ**

കെ.സി.എസ്.എൽ രൂപതാകൗൺസിൽ ജൂൺ 14-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽവച്ച് നടത്തപ്പെട്ടു. റവ. ഫാ. ആന്റണി പുത്തൻകുളം യോഗം ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് കാര ക്കുന്നേൽ പ്രവർത്തന മാർഗരേഖ പ്രകാശനം ചെയ്തു. ബെസ്റ്റ് യൂണി റ്റുകൾക്കുള്ള അവാർഡുകളും വിതരണം ചെയ്തു.

*KCSL 15/2014* **2014-2017 വർഷത്തെ അദ്ധ്യാപക ഭാരവാഹികൾ**

| | | | |
|---|---|---|---|
| 1 | പ്രസിഡന്റ് | - | ജിജോ മാനുവൽ, സെന്റ് മൈക്കിൾസ് യു.പി. സ്കൂൾ, രണ്ടാർ |
| 2 | വൈസ് പ്രസിഡന്റ് | - | റവ. സി. ആൽഫി SABS, സെന്റ് സെബാസ്റ്റ്യൻസ് HS തൊടുപുഴ |
| 3 | ഓർഗനൈസർ | - | റവ. സി. ജീന പോൾ CMC സെന്റ് അഗസ്റ്റിൻസ് HSS, മൂവാറ്റുപുഴ |
| 4 | ട്രഷറർ | - | റവ. സി. ട്രെയ്സി SD, സെന്റ് ജോസഫ്സ് UPS, നെല്ലിമറ്റം |
| 5 | ആനിമേറ്റർ HSS | - | റവ. സി. ലിജിയ FCC, സെന്റ് ജോസഫ്സ് HSS, പൈങ്ങോട്ടൂർ |
| 6 | ആനിമേറ്റർ HS | - | റവ. സി. ലിസ പുളിക്കൽ SABS, സെന്റ് സെബാസ്റ്റ്യൻസ് HS, ആനിക്കാട് |
| 7 | ആനിമേറ്റർ UP | - | മേഴ്സി ജോസഫ്, സെന്റ് അഗസ്റ്റിൻസ് HSS, കല്ലൂർക്കാട് |
| 8 | എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം | - | റോയി മാത്യു, സെന്റ് ജോസഫ് LPS, പൈങ്ങോട്ടൂർ |
| 9 | എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം | - | ലിസി എൻ.ഒ., സെന്റ് ജോസഫ് HS, വെളിയേൽച്ചാൽ |
| 10 | എക്സിക്യൂട്ടീവ് | - | റവ. സി. തെരെസ് SD, സെന്റ് ജോർജ് |

| | | | |
|---|---|---|---|
| | കമ്മിറ്റിയംഗം | | UPS, മുതലക്കോടം |
| 11 | എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം | - | പ്രിൻസ് മാത്യു, സെന്റ് മേരീസ് HSS, ആരക്കുഴ |

*KCSL 16/2014* **2014-2015 പ്രവർത്തനവർഷത്തെ വിദ്യാർത്ഥി ഭാരവാഹികൾ**

| | | | |
|---|---|---|---|
| 1 | ചെയർമാൻ | - | ടോമിൻ പി. ജോമി SGHSS, മുതലക്കോടം |
| 2 | ജനറൽ സെക്രട്ടറി | - | എലിസബത്ത് അനറ്റ് ദാസ്, SAGHSS, മൂവാറ്റുപുഴ |
| 3 | HSS സെക്രട്ടറി | - | ആൽഫി ആൽബർട്ട് SJHSS, പൈങ്ങോട്ടൂർ |
| 4 | HSS സെക്രട്ടറി | - | അനബൽ ഡി കുന്നംകോട്ട്, ജയ്റാണി പബ്ളിക് സ്കൂൾ, തൊടുപുഴ |
| 5 | HSS സെക്രട്ടറി | - | അലന ബാബു, നിർമ്മല HSS, മൂവാറ്റുപുഴ |
| 6 | HS സെക്രട്ടറി | - | ആൽവിൻ റോയി, സെന്റ് അഗസ്റ്റിൻസ് HSS, കല്ലൂർക്കാട് |
| 7 | HS സെക്രട്ടറി | - | ജോർജുകുട്ടി സജി, സെന്റ് സെബാസ്റ്റ്യൻസ് HS, തൊടുപുഴ |
| 8 | HS സെക്രട്ടറി | - | നിമിഷ ബിജു, വിമലമാത HS, കദളിക്കാട് |
| 9 | UP സെക്രട്ടറി | - | മനു മോൻ, നിർമ്മല HS, മൂവാറ്റുപുഴ |
| 10 | UP സെക്രട്ടറി | - | ആൻസിൽ മാത്യു, സെന്റ് ജോർജ് HSS, കോതമംഗലം |
| 11 | UP സെക്രട്ടറി | - | അൻജ മേരി ജോമോൻ, SHS, ആയവന |
| 12 | UP സെക്രട്ടറി | - | റിയ രാജു, നിർമ്മല HS, മൂവാറ്റുപുഴ |

*Director*

## സോഷ്യൽ സർവീസ്

*SS. 25 /2014*

2014 മെയ് 20 മുതൽ ജൂൺ 20 വരെ സോഷ്യൽ സർവ്വീസസ്



വഴി ഇടവകകളിൽ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | വീട് നിർമ്മാണസഹായം | - | 5000 |
| 2 | പഠനസഹായം | - | 10000 |
| 3 | ദുരിതാശ്വാസസഹായം | - | 15000 |
| 4 | ചികിത്സാസഹായം കൊടുത്തത് | | |
| | കല്ലൂർക്കാട് | - | 7000 |
| | ഞായപ്പിള്ളി | - | 3000 |
| | കോതമംഗലം കത്തീഡ്രൽ | - | 8500 |
| | കാരക്കുന്നം | - | 3000 |
| | മുതലക്കോടം | - | 1500 |
| | പൂയംകുട്ടി | - | 1000 |

*SS. 26 /2014* **ക്രിസ്തുജ്യോതി ഇന്റർനാഷണൽ സ്കൂൾ ഉദ്ഘാടനം ചെയ്തു**

രൂപതയുടെ നേതൃത്വത്തിൽ അന്തർദേശീയ നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മലയിൻകീഴ് ആരംഭിച്ച ക്രിസ്തുജ്യോതി ഇന്റർ നാഷണൽ സ്കൂൾ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. വികാരിജനറാൾ മോൺ. ജോർജ് ഓലിയപ്പുറം അദ്ധ്യക്ഷത വഹിച്ചു. മുനിസിപ്പിൽ ചെയർമാൻ കെ.പി. ബാബു മുഖ്യപ്രഭാഷണം നടത്തി.

സ്കൂൾ കൗൺസലിംഗ് സെന്ററിന്റെ ഉദ്ഘാടനം രൂപത വിദ്യാഭ്യാസസെക്രട്ടറി ഫാ. കുര്യാക്കോസ് കൊടകല്ലിൽ നിർവഹിച്ചു. സ്മാർട്ട് ക്ലാസ് മുനിസിപ്പൽ പ്രതിപക്ഷ നേതാവ് കെ. വി. തോമസും, പ്ലേസ്കൂൾ വിദ്യാഭ്യാസ സ്ഥിരംസമിതി ചെയർപേഴ്സൺ കെന്നഡി പീറ്ററും, ചിൽഡ്രൻസ് പാർക്ക് മുനിസിപ്പൽ ഡെപ്യൂട്ടി ചെയർപേഴ്സൺ ടീന മാത്യുവും ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഫാ. പോൾ ചൂരത്തൊട്ടി, റവ. ഡോ. തോമസ് പെരിയപ്പുറം, ശ്രീ. എൻ. സി. ചെറിയാൻ, ഡോ. ഷിബു വർഗീസ്, സി. സോഫി, സി. ആഷ്‌ലി എന്നിവർ പ്രസംഗിച്ചു.

*SS. 27 /2014* **സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പ് നടത്തി**

രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വടാട്ടുപാറയിലെ സെന്റ് മേരീസ് ക്രെഡിറ്റ് യൂണിയനും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററും സംയുക്ത

മായി വടാട്ടുപാറയിൽ വച്ച് സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പും ബോധവൽക്കരണ സെമിനാറും നടത്തി. ക്യാമ്പിന്റെ ഉദ്ഘാടനം രൂപതാ വികാരി ജനറാൾ റവ. ഡോ. ജോർജ് ഓലിയപ്പുറം നിർവഹിച്ചു. ക്രെഡിറ്റ് യൂണിയൻ രക്ഷാധികാരി റവ. ഡോ. തോമസ് പറയിടം അദ്ധ്യക്ഷത വഹിച്ചു. വനിതാ കമ്മീഷൻ അംഗം ഡോ. ലിസ്സി ജോസ് മുഖ്യപ്രഭാഷണവും പി.എ. അനസ് ആമുഖ പ്രസംഗവും നടത്തി. KSSS ഡയറക്ടർ ഫാ. പോൾ ചൂരത്തൊട്ടി, പഞ്ചായത്ത് പ്രസിഡന്റ് എം. എ. വിശ്വംഭരൻ, കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ കെ. എ. സെബാസ്റ്റ്യൻ, എ. ബി. ശിവൻ, പൗലോസ് കട്ടക്കയം എന്നിവർ പ്രസംഗിച്ചു. പാലിയേറ്റീവ് കെയർ മെഡിക്കൽ ഓഫീസർ ഡോ. മാത്യൂസ് നമ്പേലിൽ ബോധവൽക്കരണസെമിനാറിന് നേതൃത്വം നൽകി. പി. വി. വർഗീസ് സ്വാഗതവും പി. വി. ചന്ദ്രൻ നന്ദിയും പറഞ്ഞു. ക്യാമ്പിന് മുന്നോടിയായി 'കാൻസറിനെ പ്രതിരോധിക്കൂ' എന്ന സന്ദേശവുമായി നടത്തിയ കൂട്ടയോട്ടം റ്റി. യു. കുരുവിള MLA ഉദ്ഘാടനം ചെയ്തു. കൂട്ടയോട്ടത്തിൽ 300-ഓളം പേർ പങ്കുചേർന്നു. വനിതകളും പുരുഷന്മാരുമായി 150 -തോളം പേർ ക്യാമ്പിൽ ചികിത്സ നേടി.

*Director*

---

## യുവദീപ്തി

### *YD 18/2014* യുവജന കൺവെൻഷൻ

KCYM കോതമംഗലം രൂപതാസമിതി ഒരുക്കുന്ന യുവജന കൺവെൻഷൻ Youlit സെപ്തംബർ 10 മുതൽ 13 വരെ നടത്തപ്പെടുന്നു. എല്ലാ യുവതീയുവാക്കന്മാരും പങ്കെടുക്കുവാൻ ശ്രമിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.

### *YD 19/2014* ലോഗോ മത്സരം

യുവജനകൺവെൻഷനുവേണ്ടി ഒരു ലോഗോ മത്സരം നടത്ത



പ്പെടുന്നു. കൺവെൻഷന്റെ പേരിന് (Youlit (യുവത്വം പ്രകാശിക്കുന്നു)) യോജിച്ച logo ഡിസൈൻ ചെയ്ത് kcym.kothamangalam@gmail.com എന്ന mail അഡ്രസ്സിൽ ജൂലൈ 15-ന് മുമ്പ് അയച്ചു തരിക. അയയ്ക്കുമ്പോൾ നിങ്ങളുടെ അഡ്രസ്സും ഫോൺ നമ്പറും കൂടി അയയ്ക്കുക. ഏറ്റവും നല്ലതായി തിരഞ്ഞെടുക്കുന്ന ഒരു ലോഗോയ്ക്ക് 1000 രൂപ സമ്മാനം ഉണ്ടാകുന്നതാണ്. ഒരു വ്യക്തി ഒരു ലോഗോ മാത്രം അയച്ചു തരിക. ഒന്നിൽ കൂടുതൽ വന്നാൽ സ്വീകരിക്കുന്നതല്ല.

### *YD 20/2014* Short Film മത്സരം

KCYM രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ ഒരു short film മത്സരം സംഘടിപ്പിക്കുന്നു. KCYM സംഘടനയുടെ സ്വാധീനം യുവജനങ്ങളുടെ ജീവിതത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി ആയിരിക്കണം short film നിർമ്മിക്കേണ്ടത്. 10 മിനിറ്റ് ദൈർഘ്യമേ ഉണ്ടാകാവൂ. മൊബൈൽ ക്യാമറ ഉപയോഗിച്ച് മാത്രമേ ചിത്രം ഷൂട്ട് ചെയ്യാവൂ. ഏറ്റവും നല്ല ഹ്രസ്വചിത്രത്തിന് 5000/- രൂപ സമ്മാനം ഉണ്ടാകുന്നതാണ്. നിലവാരം പുലർത്തുന്ന ഹ്രസ്വചിത്രങ്ങൾക്ക് പ്രോത്സാഹനസമ്മാനവും. കുറഞ്ഞത് 3 ഹ്രസ്വചിത്രങ്ങൾ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ മത്സരം നടത്തൂ. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഇടവകയിലെ യുവജനങ്ങൾ വികാരിയച്ചന്റെ കത്ത് സഹിതം ജൂലൈ 25-ന് മുമ്പ് KCYM രൂപതാ കേന്ദ്രത്തിൽ (NESTT) എത്തി രജിസ്റ്റർ ചെയ്യുക. Short film നിർമ്മിച്ച് ആഗസ്റ്റ് 25-ന് 5.00 pm മുമ്പ് രൂപതാ ഓഫീസിൽ (NESTT Muvattupuzha) എത്തിക്കുക.

### *YD 21/2014* അർദ്ധവാർഷിക കൗൺസിൽ

ജൂലൈ 12-ാം തീയതി രാവിലെ 9.00 am മുതൽ രൂപതയിലെ KCYM പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് വേണ്ടി അർദ്ധവാർഷിക കൗൺസിൽ കൂടുന്നതാണ്. എല്ലാ ഫൊറോന ഭാരവാഹികളും ആനിമേറ്റർ സിസ്റ്റേഴ്സും നിർബന്ധമായും പങ്കെടുക്കുക. കൗൺസിലിനുശേഷം 1 മുതൽ 4 വരെ ഭാരവാഹികളുടെയും മീറ്റിംഗ് ഉണ്ടാകുന്നതാണ്.

### *YD 22/2014* യുവജനദിനാഘോഷം

ജൂലൈ 6-ാം തീയതി ഉടുമ്പന്നൂർ യൂണിറ്റിൽ വച്ച് യുവജന ദിനം ആഘോഷിക്കുന്നു.

*YD 23 /2014* **യുക്യാറ്റ് മത്സരം**

ഈ വർഷത്തെ യുക്യാറ്റ് മത്സരങ്ങൾ ഫൊറോനാ തലത്തിൽ ജൂലൈ 20-ന് നടത്തുക. രൂപതാതലത്തിൽ ആഗസ്റ്റ് 10-ന് നടത്തപ്പെടുന്നതാണ്. യൂണിറ്റിൽ മത്സരിച്ച് വിജയിച്ച അംഗങ്ങൾ മാത്രമേ ഫൊറോനയിൽ മത്സരിക്കാവൂ. ഫൊറോനയിൽ ഒന്നാംസ്ഥാനം നേടി വിജയിച്ച യൂണിറ്റ് മത്സരങ്ങൾക്ക് മാത്രമേ രൂപതയിൽ മത്സരിക്കാൻ അനുവാദം ഉണ്ടാകൂ. ഫൊറോനയിൽ നടക്കുന്ന മത്സരത്തിനുള്ള ചോദ്യങ്ങൾ രൂപതയിൽ നിന്നും തയ്യാറാക്കുന്നതാണ്. രൂപതാപ്രതിനിധിയായിരിക്കും ഫൊറോനയിൽ മത്സരം നടത്തുന്നത്. രൂപതയിൽ ഒന്നാംസ്ഥാനം നേടുന്ന ടീമിന് 2000 രൂപ പാരിതോഷികം ഉണ്ടാകുന്നതാണ്. 2 ഉം 3 ഉം സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 1000, 800 രൂപ പാരിതോഷികം ഉണ്ടാകുന്നതാണ്.

*Director*

## ജീസസ് യൂത്ത്

*JY 12/2014* **സ്വർഗീയ സംഗീതം**

കോതമംഗലം ജീസസ് യൂത്തും കോതമംഗലം രൂപതയും സംയുക്തമായി സംഘടിപ്പിച്ച ദൈവാലയ ഗായകർക്കായുള്ള സ്വർഗീയ സംഗീതം എന്ന പ്രോഗ്രാം മെയ് 27 മുതൽ 30 വരെ NESTT-ൽ വച്ച് നടത്തി. ഗായകസംഘങ്ങളെ പറഞ്ഞ് അയച്ച വികാരിയച്ചൻമാർക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. ബഹു. ആന്റണി ഉരുളിയാനിക്കൽ സി.എം.ഐ. അച്ചന്റെ നേതൃത്വത്തിൽ നടന്ന പ്രോഗ്രാമിൽ ക്രിസ്തീയ ഗാനരംഗത്തെ കേരളത്തിലെ പ്രഗത്ഭരാണ് ക്ലാസ്സ് നയിച്ചത്. 143 പേർ പങ്കെടുത്തു. മെയ് 27-ന് 6.00 pm മുതൽ മെയ് 30 വരെ 24 മണിക്കൂർ ആരാധനയും നടത്തി.



*JY 13/2014* **പന്തക്കുസ്താ ആചരണവും ജാഗരണപ്രാർത്ഥനയും**

ജീസസ് യൂത്ത്, കെ.സി.വൈ.എം., മിഷൻലീഗ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടന്ന പന്തക്കുസ്തദിനാചരണവും ജാഗരണപ്രാർത്ഥനയും ജൂൺ 7 ശനിയാഴ്ച വൈകിട്ട് 7 മണിക്ക് തുടങ്ങി 8-ാം തീയതി ഞായറാഴ്ച വെളുപ്പിന് 5 മണിക്ക് ദിവ്യബലിയോടെ സമാപിച്ചു. ബഹു. തോമസ് ജെ. പറയിടം അച്ചൻ ക്ലാസ്സ് നയിച്ചു. ഫാ. മാത്യൂസ് തേവർപാടം, ഫാ. പോൾ കാരക്കൊമ്പിൽ, ഫാ. ജോസഫ് എഴുമായിൽ എന്നിവർ ആരാധനയ്ക്ക് നേതൃത്വം കൊടുത്തു.

*JY 14/2014* **Recommitment day**

ജീസസ് യൂത്ത് കോതമംഗലം സോൺ പന്തക്കുസ്താദിനം Recommitment day യായി ആചരിച്ചു. കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടത്തിയ പരിപാടിയിൽ നാൽപ്പതോളം പേർ പങ്കെടുത്തു.

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 20/2014* **രൂപതാ കൗൺസിൽ**

ജൂലൈ 12 ശനിയാഴ്ച 9.30 മുതൽ 3.30 വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് രൂപതാകൗൺസിൽ കൂടുന്നതാണ്. ഈ കൗൺസിലിൽ രൂപതാതലത്തിലും ഫൊറോനാ തലത്തിലും ഉള്ള ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്.

*FA 21/2014* **ഫൊറോന ആനിമേറ്റർമാരുടെ യോഗം**

ജൂലൈ 11 വെള്ളിയാഴ്ച വൈകിട്ട് 6-ന് മുവാറ്റുപുഴ NESTT -ൽ വച്ച് നടത്തുന്ന ഫൊറോന ആനിമേറ്റേഴ്സ് യോഗത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

*FA 22/2014* **ഹോം മിഷൻ**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള ഹോം മിഷൻ ജൂലൈ 1 മുതൽ മുള്ളരിങ്ങാട് ഇടവകയിൽ നടത്തുന്നു. ഹോം മിഷൻ നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാകേന്ദ്രവുമായി ബന്ധപ്പെടാൻ താല്പര്യപ്പെടുന്നു.

### *FA 23/2014* **മദ്ധ്യസ്ഥപ്രാർത്ഥനയും ഫാമിലി കൗൺസലിംഗും**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും കൗൺസലിംഗും ജൂലൈ 23-ാം തീയതി രാവിലെ 10.30 മുതൽ വൈകിട്ട് 3.30 വരെ മൂവാറ്റുപുഴ NESTT ൽ വച്ച് നടത്തപ്പെടുത്തുന്നതാണ്.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

### *AKCC 11/2014* **കത്തോലിക്കാ കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് വിജ്ഞാപനം**

കത്തോലിക്കാ കോൺഗ്രസിന്റെ ഭരണഘടനയനുസരിച്ച് ഓരോ മൂന്നുവർഷം കൂടുമ്പോഴും മെമ്പർഷിപ്പ് പുതുക്കുകയും യൂണിറ്റ്, ഫൊറോന, രൂപത കേന്ദ്രകമ്മിറ്റികളിലേക്ക് പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതുണ്ട്.

ഇതിനകം എല്ലാ ശാഖകളിലും തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട് എന്നു കരുതുന്നു. ഇല്ലെങ്കിൽ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. ഫൊറോന തെരഞ്ഞെടുപ്പ് ജൂലൈ 15-ന് മുമ്പ് നടത്തേണ്ടതുണ്ട്. 14-09-2014 -ൽ രൂപത തെരഞ്ഞെടുപ്പ് നടത്തി 20-09-2014-ന് മുമ്പായി രൂപതാപ്രതിനിധികളുടെയും കേന്ദ്രപ്രതിനിധികളുടെയും ലിസ്റ്റ് കേന്ദ്രകാര്യാലയത്തിൽ ഏൽപിക്കേണ്ടതുണ്ട്. 01-11-2014 -ൽ കേന്ദ്രഭരണസമിതിയുടെ തെരഞ്ഞെടുപ്പ് നടത്തി പുതിയ കേന്ദ്രഭരണസമിതി നിലവിൽ വരുന്നതാണ്. ഏതെങ്കിലും പള്ളിയിൽ യൂണിറ്റ് ഇല്ലെങ്കിൽ പുതിയതായി യൂണിറ്റ് സ്ഥാപിച്ച് പ്രതിനിധികളെ തെരഞ്ഞെടുക്കണമെന്ന് കത്തോലിക്കാ കോൺഗ്രസിന്റെ രൂപതാസമിതിയിൽ നിന്ന് അറിയിക്കുന്നു.

*Director*



## മാതൃദീപ്തി

### *MD. 19/2014* **കോതമംഗലം രൂപത മാതൃദീപ്തി വാർഷിക ആഘോഷം**

കോതമംഗലം രൂപതാ മാതൃദീപ്തി വാർഷിക ആഘോഷം 2014 മെയ് 27-ാം തീയതി ചൊവ്വാഴ്ച രൂപതാ പാസ്റ്ററൽ സെന്റർ NESTT-ൽ വച്ച് നെല്ലിമറ്റം യൂണിറ്റ് അവതരിപ്പിച്ച രംഗപൂജയോടെ ആരംഭിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് എഴുമായിൽ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യപിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം മുഖ്യപ്രഭാഷണം നടത്തി. മാതൃദീപ്തി രൂപത പ്രസിഡന്റ് ശ്രീമതി ആനി ജോസഫ് ഇളയിടം അദ്ധ്യക്ഷത വഹിച്ചു. രൂപതാ സെക്രട്ടറി ശ്രീമതി മേഴ്സി ഷാജി റിപ്പോർട്ട് അവതരിപ്പിച്ച് 2013-2014 ലെ മാതൃദീപ്തി വരവ്, ഓരോ യൂണിറ്റുകൾക്കും നൽകിയ തുക ഇവയുടെ കണക്കുകൾ വായിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ പ്രസിഡന്റ് അഡ്വ. തോമസ് മാത്യു ആശംസകൾ അർപ്പിച്ചു. 'വചന ആശയ ആവിഷ്ക്കാരം ആധുനികതയിൽ' എന്ന ബൈബിൾ ദൃശ്യാവതരണം നടത്തി. 2 മണിയോടെ പ്രാർത്ഥനയോടുകൂടി സമ്മേളനം സമാപിച്ചു.

### *MD. 20/2014* **ഫൊറോന -യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ഫൊറോന / യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പുകൾ ഇനിയും നടക്കാത്ത സ്ഥലങ്ങളിൽ അവ ജൂലൈ മാസത്തിൽ നടത്തുന്നതാണ്.

*Director*

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

### *SA 8/2014* **ഏകസ്ഥ കൂട്ടായ്മ**

ജൂലൈ 21-ന് തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് നെസ്റ്റിൽ വച്ച്

രൂപതാ ഡയറക്ടർ ബ. ജോസഫ് എഴുമായിലച്ചന്റെ നേതൃത്വത്തിൽ മരിയൻ സിംഗിൾസ് കൂട്ടായ്മ ഉണ്ടായിരിക്കുന്നതാണ്.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| July | 2 - 4 | - | വിവാഹഒരുക്കസെമിനാർ |
| " | 11 | - | CML Executive |
| " | 12 | - | CML Annual Gathering |
| " | 23 - 25 | - | വിവാഹഒരുക്ക സെമിനാർ |
| " | 28 - 30 | - | Young Priests' Seminar |

*Director*

## വാർത്തയും വിശേഷങ്ങളും

### New College

St. George College Vazhakulam, Corporate Educational Agency, Diocese of Kothamangalam, affiliated to MG University.

**Self Financing Courses offered:**

1 BCom. Computer Application
2 BCom. Finance and Taxation
3 BCom. Co-operation
4 BCom. Marketing

**Admission starts shortly.**

Contact: Fr. Vicar, St. George Forane Church, Vazhakulam
Mob. 9495023390.

## *Festal Greetings*

| | | | |
|---|---|---|---|
| Rev. Fr. | Kachiramattom Kuriakose | **July** | 15 |
| " | Kodakallil Kuriakose | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |



| | | | |
|---|---|---|---|
| Rev. Fr. | Arackal James | **July** | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |
| " | Kalapurackal Jacob | " | 25 |
| " | Kalapurayil James | " | 25 |
| " | Karakompil James | " | 25 |
| " | Kurianal James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |
| " | Panachickal James | " | 25 |
| " | Puthiyedath Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakel James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |
| " | Vembilly James | " | 25 |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ്**

15 • രൂപതഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ NESTT-ൽ വച്ച് നടത്തിയ കുടുംബസംഗമത്തിൽ ആശംസകൾ അർപ്പിച്ചു.

16 • മൂവാറ്റുപുഴ നിർമ്മലസദനിൽ വച്ച് സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിനുവേണ്ടി നടത്തിയ യോഗത്തിൽ സന്ദേശം നൽകി.

17 • മാലിപ്പാറ ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പുതുക്കി നിർമ്മിച്ച സിമിത്തേരി കപ്പേള വെഞ്ചരിക്കുകയും ചെയ്തു.

• രൂപതയിലെ +2 പ്രിൻസിപ്പൽമാരുടെ യോഗം രൂപതാകേന്ദ്രത്തിൽ വച്ച് നടത്തി.

18 • പെരിങ്ങഴ ഇടവകയുടെ 150-ാം ജൂബിലി സമാപനത്തോടനുബന്ധിച്ച് അഭിവന്ദ്യപിതാവ് ദിവ്യബലി അർപ്പിച്ച് സന്ദേശം

നൽകി.

- അങ്കമാലി ബസലിക്കയിൽ വച്ച് നടത്തിയ കുടുംബക്കൂട്ടായ്മ കളുടെ വാർഷികയോഗത്തിൽ സന്ദേശം നൽകി.

19 • രൂപതാംഗവും അരിക്കുഴ ഇടവകാംഗവുമായിരുന്ന പരേതനായ ബഹു. തരണയിൽ പോൾ അച്ചന്റെ മാതാവിന്റെ മൃതസംസ്ക്കാ രശുശ്രൂഷകളിൽ ഭവനത്തിലെ തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ പിതാവ് കാർമ്മികത്വം വഹിച്ചു.

- ആരക്കുഴ പള്ളിയിൽ വെള്ളാപ്പിള്ളി ബിബിനും ക്രിസ്റ്റിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

20 • പാല വാഴേമഠം SH Provincial House-ൽ വച്ച് ധന്യൻ കദളിക്കാ ട്ടിൽ മത്തായി അച്ചന്റെ ശ്രാദ്ധദിനത്തോടനുബന്ധിച്ച് ദിവ്യബ ലിയർപ്പിച്ച് സന്ദേശം നൽകി.

21 • കാവക്കാട് സെന്റ് മർത്താസ് കോൺവെന്റിൽ ദിവ്യബലി അർപ്പിച്ചു.

22 • കോതമംഗലം CMC Provincial House -ന്റെ സുവർണ്ണ ജൂബിലി യോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

23 • കോതമംഗലം SABS Novitiate House -ൽ ദിവ്യബലിയർപ്പിച്ചു.

24 • ആലുവ SD Generalate-ൽ വച്ച് നടന്ന നിത്യവ്രതവാഗ്ദാനശു ശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

25 • അരിക്കുഴ സെന്റ് സെബാസ്റ്റ്യൻ പള്ളിയുടെ ശതോത്തരരജത ജൂബിലിയുടെ സമാപനത്തോടനുബന്ധിച്ച് വി. കുർബാന യർപ്പിച്ച് സന്ദേശം നൽകുകയും വൃദ്ധമാതാപിതാക്കളെ ആദ രിക്കുകയും സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

- കോട്ടയം കളത്തിപ്പടിയിലെ ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിന്റെ രജ തജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

26 • ഭരണങ്ങാനം ദീപ്തിഭവനിൽ MST സമൂഹാംഗമായ പൊട്ടനാനി ബഹു. സെബാസ്റ്റ്യൻ അച്ചന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

27 • മൂവാറ്റുപുഴ NESTT-ൽ മാതൃദീപ്തിയുടെ രൂപതാവാർഷികം ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി.



- മൂവാറ്റുപുഴ NESTT-ൽ രൂപതയിലെ അസ്തേന്തി വികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു.
- മൂവാറ്റുപുഴ NESTT-ൽ കോതമംഗലം രൂപതയും ജീസസ് യൂത്തും സംയുക്തമായി ദൈവാലയ ഗായകസംഘാംഗങ്ങൾക്കായി നട ത്തുന്ന പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു.

28 • തങ്കളം സെന്റ് ജോസഫ് നേഴ്സിംഗ് കോളേജിനോടനുബന്ധിച്ച് നിർമ്മിച്ച ചാപ്പൽ കൂദാശ ചെയ്ത് ദിവ്യബലിയർപ്പിച്ചു.

29 • വെട്ടിമറ്റം ഇടവകയിൽ പുതുതായി നിർമ്മിച്ച ബനഡിക്ടൈൻ ആശ്രമത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

- തോട്ടക്കര ഇടവകയിൽ പരേതയായ വള്ളമറ്റം ഏലിക്കുട്ടി മാമ്മ ച്ചന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

30 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

**ജൂൺ**

2 • കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

3 • മൈനർ സെമിനാരിയിൽ പുനർനിർമ്മിച്ച ചാപ്പൽ വെഞ്ചരിക്കു കയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

- നെസ്റ്റിൽ വച്ച് നടന്ന അച്ചന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

4–5 • പാലാരിവട്ടം പി.ഒ.സി. യിൽ നടന്ന KCBC മീറ്റിംഗിൽ പങ്കെടുത്തു.

6 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ദീപിക ഉന്നതാധി കാര സമിതിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

- വാഴക്കുളം കൊവേന്തയിൽ കാഞ്ഞിരക്കൊമ്പിൽ ബഹു. ജോസഫ് ഫൗസ്റ്റിൻ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

7 • നാകപ്പുഴ പള്ളിയിൽ ഓടയ്ക്കൽ അനീഷും മരിയയും തമ്മി ലുള്ള വിവാഹം ആശീർവദിച്ചു.

- ചിലവ് ഇടവകയിൽ ആലപ്പാട്ട് ചാക്കോ മത്തായിയുടെ മൃതശ രീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

8 • നെടിയകാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

9 • മലയിൻകീഴ് പുതുതായി ആരംഭിച്ച ക്രിസ്തുജ്യോതി ഇന്റർനാഷണൽ സ്കൂളിന്റെ വെഞ്ചരിപ്പ് നടത്തുകയും ഔദ്യോഗികമായ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

10 • രൂപത മൈനർ സെമിനാരിയിലെ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു.

• രൂപതയിലെ കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ പത്താംക്ലാസിലും +2 വിനും മുഴുവൻ വിഷയങ്ങൾക്കും A+ ലഭിച്ച കുട്ടികളെ അനുമോദിക്കുന്നതിനായി NESTT-ൽ കൂടിയ മീറ്റിംഗിൽ പങ്കെടുത്ത് മികച്ച വിജയം നേടിയ കുട്ടികൾക്ക് സമ്മാനം വിതരണം ചെയ്തു.

11 • ചിലവ് പള്ളിയിൽ ആലപ്പാട്ട് ഗ്രേസ് ജയിംസിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

13 • വിശ്വജ്യോതി കോളേജിന്റെ ബിരുദദാന ചടങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

14 • കോട്ടയം മാന്നാനത്തുള്ള സ്പിരിച്ചാലിറ്റി സെന്ററിൽ അവരുടെ സഭാസ്ഥാപകനായ ബിഷപ്പ് വില്യം ജക്വീന്തയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• തങ്കളം MSJ Provincial House-ൽ സി. ക്ലെയറിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

15 • കോതമംഗലം കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

16 • തൊടുപുഴ കാർമ്മൽ ബേക്കറിയോടനുബന്ധിച്ചുള്ള SD മഠത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• വാഴപ്പിള്ളി മഠത്തിൽ FCC സഭാംഗമായ സി. ജസ്റ്റിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

17 • നിർമ്മല പബ്ലിക് സ്കൂളിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ചുള്ള വെഞ്ചരിപ്പ് നിർവഹിക്കുകയും ചെയ്തു.



• മുതലക്കോടം സാൻജോ വൈദിക മന്ദിരം സന്ദർശിച്ചു.

18 • മൂവാറ്റുപുഴ കർമ്മലീത്ത മഠത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

## Bishop's Engagements

**July 2014**

| | | | | |
|---|---|---|---|---|
| 3 | Thu | Holy Qurbana | Kothamangalam | 8.30 am |
| 4 | Fri | Visitors' Day | | |
| 5 | Sat | Engaged | | |
| 6 | Sun | Holy Qurbana | Mylapore | |
| 7-8 | Mon-Tue | Engaged | | |
| 9-10 | Wed-Thu | Commission Visit | Mangalapuzha Seminary | |
| 11 | Fri | Holy Qurbana | Thiruvananthapuram | 5.00 pm |
| 12 | Sat | Meeting | NESTT | 11.00 am |
| | | Meeting | Viswajyothi Vazhakulam | 2.30 pm |
| 14-15 | Mon-Tue | Engaged | | |
| 17 | Thu | Meeting | Kakkanad | 9.00 am |
| 18 | Fri | Visitors' Day | | |
| 19 | Sat | Holy Qurbana | Arunnoottimangalam | 11.00 am |
| | | Meeting | Bishop's House | 3.00 pm |
| 20 | Sun | Pastoral Visit | Kolady | 7.00 am |
| 25 | Fri | Visitors' Day | | |
| 26 | Sat | Holy Qurbana | Choondy | 2.30 pm |
| 27 | Sun | Holy Qurbana | Kalamassery | 5.30 pm |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | ” | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | ” | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr.) | ” | 07-08-2002 |
| ഫാ. ജോർജ്ജ് എടാട്ടേൽ | ” | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | ” | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | ” | 25-08-1984 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | ” | 31-08-2000 |

# നിര്യാതരായി

## റവ. ഫാ. മാത്യു മൂഞ്ഞനാട്ട്



ഇടവക : നെടിയകാട്
ജനനം : 31-08-1921
തിരുപ്പട്ടം : 15-05-1949
മരണം : 26-06-2014
മൃതസംസ്കാരം : 27-06-2014

**സേവനരംഗങ്ങൾ**

അസ്തേന്തി – കലയന്താനി, മലയാറ്റൂർ
വികാരി – താബോർ, തിരുമുടിക്കര, കോക്കമംഗലം, തണ്ണീർമുക്കം, കുണിഞ്ഞി, പുറപ്പുഴ, പെരിങ്ങഴ, മീങ്കുന്നം, നെല്ലിമറ്റം, അരിക്കുഴ, മാറിക, കല്ലാനിക്കൽ, പോത്താനിക്കാട്, പെരുമ്പല്ലൂർ, വണ്ടമറ്റം, നെടിയകാട്, വടകോട്, ചിറ്റൂർ, നെടിയശാല

## സി. ക്ലെയർ MSJ (തെക്കേക്കര)

ഇടവക : കോതമംഗലം കത്തീഡ്രൽ
ജനനം : 26.12.1937
ആദ്യവ്രതം : 15.09.1958
നിത്യവ്രതം : 01.09.1964
മരണം : 13.06.2014
മൃതസംസ്കാരം : 14.06.2014 (ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)



## മദർ ജസ്റ്റിൻ FCC (പാറത്താഴം)

ഇടവക : കരിമണ്ണൂർ
ജനനം : 13.09.1933
ആദ്യവ്രതം : 15.05.1953
നിത്യവ്രതം : 01.05.1958
മരണം : 15.06.2014
മൃതസംസ്കാരം : 16.06.2014 (ഈസ്റ്റ് വാഴപ്പിള്ളി)

## സി. ആൻസലം SABS (കുടിയിരിക്കൽ)

ഇടവക : കറുകുറ്റി
ജനനം : 18.02.1932
ആദ്യവ്രതം : 13.04.1957
നിത്യവ്രതം : 03.06.1961
മരണം : 25.06.2014
മൃതസംസ്കാരം : 26.06.2014 (മാറിക)